**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3670** **05-08-2021 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്ക് വായ്പ തിരിച്ചടവിനു സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. V. N. Vasavan (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ലോക് ഡൗൺ മൂലം ജനങ്ങൾ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന സമയത്ത് ജപ്തി നടപടികൾ പാടില്ല എന്ന നിർദ്ദേശം നിലനിൽക്കെ കരുവന്നൂർ സഹകരണ ബാങ്കിൽ നിന്നും നോട്ടീസ് ലഭിച്ച മുൻ പഞ്ചായത്ത് അംഗം ആത്മഹത്യ ചെയ്ത സംഭവം പരിശോധിക്കുകയുണ്ടായോ; | (എ) | ആത്മഹത്യ ചെയ്ത മുൻപഞ്ചായത്ത് അംഗം എടുത്ത വായ്പയിൽ ബാങ്ക് എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടില്ലാത്തതും ജപ്തി നോട്ടീസ് നൽകിയിട്ടില്ലാത്തതുമാണ്. |
| (ബി) | കോവിഡ് മൂലം ജീവനോപാധി നഷ്ടപ്പെട്ട് സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള സാധാരണക്കാർ കരുവന്നൂർ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കരുവന്നൂർ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവിന് സാവകാശം നൽകുന്നതിന് നിയമപ്രകാരമുള്ള സാവകാശം അനുവദിക്കുന്ന വിഷയം പ്രത്യേകം പരിശോധിക്കുന്നതാണ്. |
| (സി) | വായ്പാ തട്ടിപ്പ് മൂലം സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ള കരുവന്നൂർ സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | ബാങ്കിന്റെ ഭരണച്ചുമതല സഹകരണ വകുപ്പിലെ മൂന്ന് അംഗങ്ങളടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഏൽപ്പി ച്ചിട്ടുണ്ട്. ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെ ട്ടവരിൽ നിന്നും ഈടാക്കുന്നതിന് സർ ചാർജ്ജ് നടപടികളുടെ ഭാഗമായി സഹ കരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടന്നു വരുന്നു. കൂടാതെ ക്രമക്കേടിൽ പങ്കാളിയായവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ അറ്റാച്ച് ചെയ്ത് നഷ്ടം തിരികെ പിടിക്കുന്നതിനുള്ള നടപടി സ്വീകരി ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ